# ബൈബിൾ സത്യം




# THE BIBLE TRUTH

# ബൈബിൾ വിവരണം

(66 പുസ്തകങ്ങൾ)

## മതകാലയളവ്



# THE BIBLE TRUTH

Editors

P. K. VARGHESE J. C. CHOATE

ooo ooo ooo

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 18 July 2004 No. 4


## എഡിറ്റോറിയൽ

സകലത്തേയും നിയന്ത്രിക്കുവാൻ ദൈവത്തിന്നു കഴിയും എന്നതു യാഥാർത്ഥ്യമാണ്. പലപ്പോഴും നമ്മെ ചിന്തിപ്പിക്കുന്നതു എന്തെന്നാൽ ലോകത്തിൽ ജനങ്ങൾ പെരുകുന്നതോടൊപ്പം അക്രമങ്ങളും അനീതിയും ദുർന്നടപ്പും അഴിമതിയും എല്ലാം വർദ്ധിച്ചു വരുന്നതുകൊണ്ട് ദൈവം എന്തുകൊണ്ടാണ് ഇതെല്ലാം അനുവദിക്കുന്നതു എന്നതാണ്. അതു മാനുഷികമായ ചിന്തയാണ്. എന്നാൽ ചില പ്രത്യേക സംഭവവികാസങ്ങളെ എടുത്താൽ ദൈവം മനുഷ്യരിൽ ഇടപെടുന്നുണ്ട് എന്നു വ്യക്തമാണ്. അതു വ്യക്തി ജീവിതത്തിലായാലും സാമൂഹ്യ ജീവിതത്തിലായാലും സാമുദായികവും രാഷ്ട്രീയവുമായാലും ശരിയാണ്. എന്തിനേറെ ഒരു രാജ്യത്തിന്റെ ഭരണത്തിലും ദൈവം ഇടപെടേണ്ട സമയത്ത് ഇടപെടുക തന്നെ ചെയ്യും. മനുഷ്യരിൽ എത്രപേർ അതു മനസിലാക്കുന്നുണ്ട് എന്നതാണ് പ്രശ്നം. ചരിത്രം നോക്കിയാൽ അതു മനസിലാകും. വർത്തമാന സംഭവങ്ങൾ പരിശോധിച്ചാലും അതറിയാൻ സാധിക്കും. വേദപുസ്തകത്തിൽ പരാമർശിക്കുന്ന കാര്യങ്ങൾ സത്യമാണെന്നു ഇതെല്ലാം നമ്മെ ബോധ്യപ്പെടുത്തും.

നീതിമാനായ ഒരു ന്യായാധിപനാണ് നമുക്കുള്ളതു. വ്യക്തി ജീവിതം സ്വന്തം ഇഷ്ടപ്രകാരം നയിക്കാൻ ആഗ്രഹിക്കുന്നവരാണ് പാപത്തിനിരയായി തീരുന്നതു. അ

തായതു ശരീരത്തിന്റെ ഇഛ നിറവേറ്റുവാനാണ് അവർക്കു താല്പര്യം. നമ്മുടെ ശരീരത്തിന്റെ ചില ഘടകങ്ങൾ നമ്മുടെ ശരിയായ ഉദ്ദേശത്തെ തിരിച്ചറിഞ്ഞില്ലെങ്കിൽ വ്യക്തിയായാലും സംഘടനയായാലും രാജ്യത്തിന്റെ ഭരണസംവിധാനമായാലും പരാജയപ്പെടും. മനുഷ്യ മനസ് വികാരങ്ങൾക്കും തോന്നലുകൾക്കും അധീനരായാൽ നാം കുഴപ്പം സൃഷ്ടിക്കും. ഇന്നു നമുക്കു ചുററും കാണപ്പെടുന്ന എല്ലാ പാപ സ്വഭാവങ്ങൾക്കും കാരണം അതാണ്. അവയെല്ലാം നമ്മുടെ യഥാർത്ഥ ചിന്തയെയും ലക്ഷ്യത്തെയും ഇല്ലാതാക്കുന്നവയാണ്. നമ്മെ നിയന്ത്രിക്കാൻ കഴിവുള്ള നമ്മുടെ ജീവിതത്തിന്റെ യഥാർത്ഥ ഉദ്ദേശം എന്തെന്നറിയാവുന്ന ജീവനുള്ള ഒരു ദൈവം നമുക്കുണ്ട്. അതു മനസിലാക്കിയാൽ, അതറിഞ്ഞാൽ, അതനുസരിച്ചു പ്രവർത്തിച്ചാൽ നമ്മുടെ ജീവിതം ശുഭമാകും. ഭൗതികമായ ചിന്താഭാരത്താൽ കഴിയുന്നവരോടു ദൈവം പറയുന്നതു: നിങ്ങൾ ആദ്യം ദൈവത്തെയും അവന്റെ രാജ്യത്തെയും അവന്റെ നീതിയെയും അറിയുവാനാണ്. അന്വേഷണം ആ വഴിക്കു നീങ്ങുമ്പോൾ ശരിയായ ലക്ഷ്യത്തിലേക്കായിരിക്കും നാം നീങ്ങുന്നത്.

രാജ്യത്തിന്റെ ഭരണം, ജനങ്ങൾക്കു സ്വതന്ത്രവും നീതി പൂർണ്ണവുമായ ഒന്ന് അല്ല എങ്കിൽ ദൈവം ആ രാജ്യത്തിന്റെ ഭരണം മററുള്ളവരിലേക്കു മാററും. ദൈവേഷ്ടത്തിനു വിരുദ്ധമായ നീക്കമാണ് അവരുടെ ലക്ഷ്യമെങ്കിൽ അതിനെ മാററും. വ്യക്തികളായാലും, സമുദായസംഘടനകളായാലും അതു തെളിയിച്ചുകൊണ്ടിരിക്കയാണ്. അവർക്കു ഒരവസരം കൊടുക്കും. എന്നാൽ അവർ മാനസാന്തരപ്പെടാഞ്ഞാൽ ദൈവം തൽസ്ഥാനത്തു നിന്നു അവരെ എടുത്തു കളയും. ദൈവം തന്റെ ഉദ്ദേശം നിറവേററുവാനായി ദൈവിക രീതിയിൽ ആണ് പ്രവർത്തിക്കുന്നതു.

# എല്ലാവരും യൂദമാർ അല്ല

J. C. ചോട്ട്

കാലാകാലങ്ങളായി ഒരു വ്യക്തി തന്റെ പ്രദേശത്തുള്ള സഭയിൽ ഉണ്ടായിക്കൊണ്ടിരുന്ന പ്രശ്നങ്ങൾ എന്നെ എഴുതി അറിയിക്കുമായിരുന്നു. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ വിദേശ സഹായം ലഭിക്കുന്ന ഉപദേഷ്ടാക്കന്മാർ പണത്തെ മാത്രം സ്നേഹിക്കുന്നവരാണ്. അവർ സ്നാനത്തിനു വളരെയധികം ഊന്നൽ കൊടുക്കുന്നു. അങ്ങനെ അവർക്കു ഉജ്ജ്വല പ്രവർത്തന വിവരണങ്ങൾ അറിയിക്കാൻ പററും. അദ്ദേഹം ഇതുപോലെ ധാരാളം പ്രശ്നങ്ങൾ നടക്കുന്നതായി കത്തിൽ തുടരുന്നുണ്ട്.

കർത്താവിന്റെ സഭയിലെ അംഗമാണ് താൻ എന്നു പറയുന്നതിൽ ലജ്ജിക്കേണ്ടി വരുന്ന കാര്യങ്ങളാണ് സഭയിൽ നടക്കുന്നതെന്നു മറെറാരു വ്യക്തി എന്നെ അറിയിക്കയുണ്ടായി. അയാൾ പറയുന്നതു അയാളുടെ ദേശത്തുള്ള സഭ വളരെ മോശമെന്ന അഭിപ്രായമാണ് പരത്തിക്കൊണ്ടിരിക്കുന്നതു.

ഇതെല്ലാം വളരെ മോശം അല്ലേ? ആ വാക്കുകളെല്ലാം വളരെ ശരിയായിരിക്കാം. അത്തരം വിവരങ്ങളുടെ അർത്ഥം എന്താണ്? അതിന്റെ അർത്ഥം മോശമായി ജീവിക്കുന്ന ആളുകൾ കർത്താവിന്റെ സഭയിൽ ഉള്ളവരാണ് എന്നു അവകാശപ്പെടുന്നു എന്നതാണ്. അതു സഭയെ തെററിക്കുമോ? ഇല്ല. ആ കപട ഭക്തിക്കാർ മാനസാന്തരപ്പെട്ടു തിരിഞ്ഞു ഹൃദയപൂർവ്വം ദൈവത്തെ അനുസരിക്കണം എന്ന സൂചന നല്കുന്നു.

ഇതെല്ലാം എഴുതി അയച്ച വ്യക്തികളോടു ഞാൻ അറിയിച്ചതു, ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരിൽ ഒരു യൂദയും ഉണ്ടായിരുന്നു എന്നാണ്. അതു ക്രിസ്തുവി

നെ തെറ്റുകാരനാക്കിയില്ല. അതു അവനെ കപട നാട്യക്കാരനോ കാപട്യക്കാരനോ ആക്കിയില്ല. അതു മറ്റു അപ്പോസ്തലന്മാരെയും തെറ്റുകാരാക്കിയില്ല. മറിച്ച് യൂദാ തന്നെയായിരുന്നു കാപട്യക്കാരൻ. ഒരാളുടെ തെറ്റു കണ്ടുകൊണ്ടു എല്ലാവരെയും അടച്ചു നാം കുറ്റപ്പെടുത്തരുതു. പിന്നെയോ നല്ലവർക്കു ഊന്നൽ കൊടുത്തു കാപട്യക്കാരനെ തള്ളിക്കളയുകയാണ് വേണ്ടതു.

എല്ലാ മതപരമായ സംഘടനകളിലും മോശമായ ആളുകൾ, കാപട്യക്കാർ, കള്ളന്മാർ, ഭോഷ്ക്കു പറയുന്നവർ, ദുർന്നടപ്പുകാർ തുടങ്ങി അനേക ദുഷ്പ്രവൃത്തികൾ ചെയ്യുന്നവർ കണ്ടേക്കാം. എന്നാൽ ഒരു മത സംഘടനയും അതിലെ ഒരാൾ അല്ലെങ്കിൽ കുറച്ചു പേർ ചെയ്യുന്ന കുറ്റത്തിനു സംഘടനയെ മുഴുവൻ വിധിക്കുകയോ ശിക്ഷിക്കുകയോ ഇല്ല. വിധി നടക്കുന്നതു ദൈവ വചനപ്രകാരം ആ വ്യക്തികൾ ജീവിച്ചോ എന്നതിനെ ആസ്പദമാക്കിയാണ്. വ്യക്തികൾ ആത്മാർത്ഥമായ പരിശ്രമം നടത്തിയോ എന്നും നോക്കും. കാരണം ദൈവ പുസ്തകത്തിലാണ് നീതിയുടെ നിലവാരം ദൈവം നിക്ഷിപ്തമാക്കിയിരിക്കുന്നതു.

അപ്പോസ്തലനായ പൗലൊസിന്റെ കാലയളവിൽ സത്യം വിട്ടു പിന്തിരിഞ്ഞു ലോകത്തിലേക്കു പോയ ആളുകൾ ഉണ്ടായിരുന്നു. ദേമാസ് തന്നെ വിട്ടു പിരിഞ്ഞു ലോകത്തെ സ്നേഹിച്ചു പൊയ്ക്കളഞ്ഞു എന്നാണ് പറഞ്ഞിരിക്കുന്നതു (2 തിമൊഥെയൊസ് 4:10). കൊരിന്ത്യ സഭയിൽ ഇതേപോലെയുള്ള മറ്റു പ്രശ്നങ്ങൾ നടന്നിരുന്നു. പൗലൊസ് അവർക്കു ലേഖനം എഴുതി അറിയിക്കുന്നുണ്ട്. അവരിൽ ചിലർ ഭിന്നതയുണ്ടാക്കുന്നവരായിരുന്നു. വേറെ ചിലർ സഹോദരനെതിരായി വ്യവഹാരത്തിനു പോയ്ക്കൊണ്ടിരിക്കുന്നു. ചിലർ ദുർന്നടപ്പുകാരായി ജീവിക്കുന്നു. വിഗ്രഹത്തിനു മുന്നിൽ കൊണ്ടു

വെച്ച് ഭക്ഷണം കഴിക്കുന്നവരുണ്ടായിരുന്നു. കർത്തൃമേശയെ സാധാരണ ഭക്ഷണമായി കരുതിയവരുണ്ടായിരുന്നു. വേറെയും നിരവധി തെററുകൾ ചെയ്തിരുന്നവർ അവിടെയുണ്ടായിരുന്നു. എന്നിട്ടും പൌലൊസ് അവരെ സഹോദരന്മാർ എന്നും ദൈവത്തിന്റെ സഭ എന്നും പറഞ്ഞിരിക്കുന്നു (1 കൊരിന്ത്യർ 1:1-2). ആത്മീയ പക്വതയിലേക്കു അവർ വളരുന്നതിൽ പുരോഗതിയുണ്ടായതായി രണ്ടാമത്തെ ലേഖനം എടുക്കുമ്പോൾ നാം അവിടെ കാണുന്നുണ്ട്.

തന്റെ അപ്പൊസ്തലന്മാരിൽ ഒരാളായിരുന്ന യൂദാ അങ്ങനെ ചെയ്തതുകൊണ്ടു യേശുക്രിസ്തു തന്റെ അപ്പൊസ്തലന്മാരെ വിട്ടുകളഞ്ഞില്ല. തങ്ങളുടെ കൂട്ടത്തിൽ ഉള്ള യൂദാ ഇങ്ങനെയായതുകൊണ്ടു മററു അപ്പൊസ്തലന്മാർ കൂട്ടത്തിൽ നിന്നു വിട്ടുപോയില്ല. വാസ്തവത്തിൽ യൂദാ ഒഴിഞ്ഞു പോയ സ്ഥാനത്തേക്കു അവർ മറെറാരാളെ തിരഞ്ഞെടുക്കുന്ന പ്രക്രിയയിലേക്കാണ് അവർ നീങ്ങിയതു. യോഹന്നാൻ സ്നാപകന്റെ സമയം മുതൽ അവരോടുകൂടെ ഉണ്ടായിരുന്നവനും യേശുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേല്പ് എന്നിവക്കു സാക്ഷ്യം വഹിച്ചവനുമായ ഒരാളെയാണ് അവർ അതിനായി കണ്ടെത്തിയതു (പ്രവൃത്തി 1:21-26).

സഭയിലെ സഹോദരന്മാരിൽ ചിലർ പൌലൊസിനെ വിട്ടു പോയതുകൊണ്ട് പൌലൊസ് സഭ ഉപേക്ഷിച്ചില്ല. കൊരിന്ത്യ സഭയിൽ വളരെ പേർ വളരെ തെററുകൾ ചെയ്തുകൊണ്ടിരുന്നിട്ടും പൌലൊസ് അവരിൽ നിന്നു പിൻവാങ്ങിയില്ല. അവരെ ശരിയായ പാതയിലേക്കു തിരിച്ചു കൊണ്ടു വരുവാനാണ് ശ്രമിച്ചതു. തെററി പോയവരെ മാനസാന്തരപ്പെടുത്തി എടുക്കുവാനായിരുന്നു അവന്റെ ഉപദേശവും പരിശ്രമവും. എന്നാൽ സഭ പറഞ്ഞിട്ടു കേൾ

ക്കാത്തവരെ സഭയിൽ വെച്ചുകൊണ്ടിരിക്കുന്നതും ഭൂഷണമല്ല. ചിലർ ചെയ്യുന്ന തെററിനു സഭയെ മൊത്തം ശിക്ഷിക്കാനും സാദ്ധ്യമല്ല. പൗലൊസിനു ആ സഭയെ കുറിച്ച് വളരെയധികം നല്ല കാര്യങ്ങളും പറയുവാനുണ്ട്. ആ സഭ പണിയുവാൻ, അതു വിലെക്കു വാങ്ങുവാൻ കർത്താവു മരിച്ചു. ക്രിസ്തു അങ്ങനെ സഭയുടെ രക്ഷിതാവായി തീർന്നു. ക്രിസ്തു സഭയുടെ തലയായിരിക്കുന്നു. ക്രിസ്തു വീണ്ടും വരുമ്പോൾ അവൻ തന്റെ സഭയെ പിതാവിനു ഏല്പിച്ചു കൊടുക്കും (എഫെസ്യർ 5:25; പ്രവൃത്തി 20:28; എഫെസ്യർ 5:23; കൊലൊസ്യർ 1:18; 1 കൊരിന്ത്യർ 15:24). ഈ പ്രസ്താവനകളിൽ നിന്നു അപൂർണ്ണരായിരുന്ന സഭയിലെ അംഗങ്ങൾക്കു ക്രിസ്തീയ ജീവിതം നയിച്ച് തികവിലേക്കു വളരുവാൻ ദൈവം സഹായിക്കുന്നു എന്നു കാണാം.

അതുപോലെ നമ്മും ഇക്കാരണത്താൽ കർത്താവിന്റെ വഴിയും, സഭയും, ജനങ്ങളും സഭയുടെ പേരും വിട്ടു കളയരുതു. ചില അംഗങ്ങൾ അവരുടെ അഭക്തിയുള്ള ജീവിതത്താൽ ഒററികൊടുക്കുന്നവരാണെങ്കിലും സഭയെ കുറിച്ചു നാം ലജ്ജിക്കേണ്ടതില്ല. നാം അവരുടെ തെററുകളെ കുറിച്ചു ലജ്ജിച്ച് അവരെ മാനസാന്തരപ്പെടുത്തി കർത്താവിങ്കലേക്കു തിരിച്ചു കൊണ്ടു വരുവാനാണ് നാം ശ്രമിക്കേണ്ടതു. അതേ സമയം നാം ക്രിസ്തുവിൽ വിശ്വസ്തരായി മുൻപോട്ടു ഗമിക്കുന്ന മാതൃക കാണിച്ചു കൊടുക്കണം. സഭയുടെ നിലനില്പിനും വളർച്ചക്കും വേണ്ടി, നാം വിശ്വസ്തരായി സഭയിൽ ജീവിക്കേണ്ടതിന്നു ആവശ്യമായതെല്ലാം ചെയ്ത കർത്താവിന്നു നാം എപ്പോഴും നന്ദിയുള്ളവരായിരിക്കണം.

സഭയിലെ ഏതെങ്കിലും ഒരു വ്യക്തിയുടേയോ ഒന്നിലധികം അംഗങ്ങളുടേയോ തെററുകൾ നിമിത്തം സഭ വിട്ടു

പോകുന്നതു ഒരിക്കലും സഹായകരമാകുകയില്ല. പകരം പോയി നമ്മുടെ തന്നെ സഭയുണ്ടാക്കുന്നതും ശരിയായ പ്രവണതയല്ല. വേറൊരു പേരിൽ അറിയപ്പെടുന്നതും ദൈവഹിതമല്ല. കാപട്യക്കാർ അടങ്ങുന്നതാണ് ക്രിസ്തുവിന്റെ സഭ; അതുകൊണ്ടു ആ പേർ മാററി മറെറാരു പേരിൽ അറിയപ്പെടാമെന്നും അതു ദൈവം സ്വീകരിക്കുമെന്നും ചിന്തിക്കരുതു. അതുപോലെ മനുഷ്യ നിർമ്മിത സഭകളിൽ ചേരുകയുമരുതു: നാം മനസിലാക്കേണ്ട കാര്യം എന്തെന്നാൽ മനുഷ്യരുമായി ഇടപെടുമ്പോൾ ഏതു കൂട്ടത്തിലായാലും അവിടെ തെററുള്ളവരും കാപട്യമുള്ളവരും കണ്ടേക്കാം, നിങ്ങൾ യൂദകൾ നിമിത്തം കർത്താവിന്റെ സഭ വിട്ടുപോയാൽ മറെറാരിടത്തു ചെന്നാൽ അവിടെയും ഇതുണ്ടെന്നു കാണുമ്പോൾ അവിടെയും നിങ്ങൾക്കു നില്ക്കുവാൻ കഴിയാതെ വരും. അങ്ങനെ വരുമ്പോൾ നിങ്ങൾക്കു തന്നെ കർത്താവിൽ വിശ്വസ്തനും ഉറപ്പുള്ളവനും ആയി നില്ക്കാൻ കഴിയാതെ വരും. പ്രശ്നം പരിഹരിക്കുന്നതിനു പകരം പ്രശ്നക്കാരനായി മാറാൻ ശ്രമിക്കരുതു.

ഈ ഭൂമിയിൽ നമുക്കു സഭയിലെ കാപട്യക്കാരുമായി ജീവിക്കാൻ കഴിയുന്നില്ലെങ്കിൽ നിത്യതയിൽ യാതന അനുഭവിക്കേണ്ടതായി വരും. അതുകൊണ്ടു ദൈവ വചനം ശ്രദ്ധയോടെ പഠിച്ചു മനസിലാക്കി ജീവിക്കണം. മററുള്ളവരുടെ ജീവിതമല്ല നമ്മുടെ വിശ്വാസ ജീവിതത്തെ നയിക്കേണ്ടതു. മറിച്ചു ക്രിസ്തുവിന്റെ മാതൃകയായിരിക്കണം. മററുള്ളവർ എന്തു ചെയ്താലും ഞാൻ മരണത്തോളം വിശ്വസ്തനായി ജീവിക്കും എന്നതായിരിക്കണം നമ്മുടെ നിലപാട്. എല്ലാവരും യൂദമാരല്ല എന്ന കാര്യം നാം ഓർമ്മിക്കണം.

★

# ദൈവത്തിന്റെ രക്ഷാശൃംഖല

ക്ലെം തർമാൻ

നമ്മെ രക്ഷിക്കുന്നതെന്തോ അതിനെ കുറിച്ച് ഇടുങ്ങിയ കാഴ്ചപ്പാടാണ് മതപരമായ ആളുകളിൽ പലർക്കും ഉള്ളത്. ചിലർ അവകാശപ്പെടുന്നതു നാം വിശ്വാസത്താൽ മാത്രം രക്ഷിക്കപ്പെടുന്നു എന്നാണ്. വേറെ ചിലർ പറയുന്നതു നാം കൃപയാൽ മാത്രമാണ് രക്ഷിക്കപ്പെടുന്നതു എന്നാണ്. മററു ചിലർ പറയുന്നതു നാം യേശുവിന്റെ രക്തത്താൽ മാത്രമാണ് രക്ഷ പ്രാപിക്കുന്നതു എന്നാണ്. എന്നാൽ ഇവയിൽ ഏതെങ്കിലും ഒന്നു മാത്രമല്ല, എല്ലാം നമ്മെ രക്ഷിക്കുന്നു എന്നു ഞാൻ ചിത്രീകരിക്കട്ടെ.

ഒരു കൃഷിക്കാരനു സമൃദ്ധമായ വിളവു കിട്ടി. ഒരു വ്യവസായി അയാളോടു ചോദിച്ചു ഞാൻ നിങ്ങൾക്കു തന്ന ട്രാക്ടർ എങ്ങനെയുണ്ട്? വളരെ നന്നായി പ്രവർത്തിക്കുന്നുണ്ട്. അതുപയോഗിച്ച് 25000 പറ നെല്ല് കിട്ടി എന്നു കർഷകൻ മറുപടി പറഞ്ഞു. വിത്തു കൊടുത്ത ആളോടു അയാൾ പറഞ്ഞതു: നിങ്ങൾ തന്ന വിത്തു വിതച്ചതിനാൽ എനിക്കു 25000 പറ നെല്ല് കിട്ടി എന്നു പറഞ്ഞു. ഈ വർഷത്തെ മഴ എങ്ങനെയുണ്ടായിരുന്നു എന്നു ചോദിച്ചതിനു അയാൾ മറുപടി പറഞ്ഞതു: അതുകൊണ്ട് 25000 പറ നെല്ലാണ് എനിക്കു കിട്ടിയതു എന്നു മറുപടി പറഞ്ഞു. വളം കൊടുത്തയാളോടും പറഞ്ഞു അതുകൊണ്ടു 25000 പറ നെല്ലു കിട്ടി എന്നു. മൊത്തത്തിൽ അയാൾക്കു കിട്ടിയതു 100,000 പറ നെല്ലായിരുന്നു. ഏതെങ്കിലും ഒന്നു മാത്രം കൊണ്ടല്ല അത്രയും വിളവു ലഭിച്ചതു. എല്ലാ ഘടകങ്ങളും ചേർന്നതുകൊണ്ടാണ് അത്രയും സമൃദ്ധമായ വിളവു ലഭിച്ചതു.

(ശേഷം 23-ാം പേജിൽ)

# ക്രൂശിലെ പ്രശംസ

## ദില്ലാർഡ് തർമൻ

ഇന്ദ്രിയാധികമായ കാര്യങ്ങളിൽ പ്രശംസിക്കുന്നതിന്റെ വ്യർത്ഥതയെ എടുത്തു കാണിച്ചിട്ടു പൗലൊസ് ഉപസംഹരിക്കുന്നതു: "എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇട വരരുതു; അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു" (ഗലാത്യർ 6:14). കർത്താവായി തീർന്ന യേശുവിന്റെ ക്രൂശിനെ കുറിച്ചു ധാരാളം പാട്ടുകൾ എഴുതപ്പെട്ടിട്ടുണ്ട്. ക്രൂശിൽ വാസ്തവമായും പ്രശംസിക്കുവാനുണ്ട്. അവയിൽ ചിലതു നമുക്കു നോക്കാം.

### മനുഷ്യ പുത്രൻ ക്രൂശിനെ സഹിച്ചു

ക്രിസ്തുവിന്റെ ക്രൂശിനെ കുറിച്ചു വിലയിരുത്തുമ്പോൾ അതു കൃത്യവും വാസ്തവുമായിരുന്നു എന്നു എബ്രായർ 12:1 ഉം 2 ഉം വാക്യങ്ങൾ വായിച്ചാൽ മനസിലാകും. "ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയോരു സമൂഹം നമുക്കു ചുററും നില്ക്കുന്നതുകൊണ്ടു സകല ഭാരവും മുറുകെ പററുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുൻപിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കുകയും ദൈവ സിംഹാസനത്തിന്റെ വലത്തു ഭാഗത്തു ഇരിക്കയും ചെയ്തു". യേശുക്രിസ്തു ക്രൂശിനെ സന്തോഷത്തോടെ സഹിച്ചതുകൊണ്ടു നമുക്കു ക്രൂശിൽ പ്രശംസിക്കാം. നമുക്കു വേണ്ടി അവൻ യാഗമായി തീർന്നു എന്നതും അഭിമാനകരമത്രേ. ക്രൂശ്, കഠിനവും ക്രൂരവുമായിരുന്നു എങ്കിലും യേശു

അതു സഹിക്കുകയായിരുന്നു. ''മരത്തിന്മേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്നു എഴുതിയിരിക്കുന്നതുപോലെ ക്രിസ്തു നമുക്കു വേണ്ടി ശാപമായി തീർന്നു (ഗലാത്യർ 3:13).

ദൈവ പുത്രൻ നമ്മെ വീണ്ടെടുക്കുന്നതിനു വേണ്ടി ക്രൂശിന്റെ ദുഷ്കീർത്തി സ്വയമായി സ്വീകരിച്ചു. ''മനുഷ്യ സാദൃശത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായി തീർന്നു'' (ഫിലിപ്പിയർ 2:8). തികഞ്ഞ അനുസരണത്തെ സംക്ഷിപ്തമാക്കിയിരിക്കയാണ് ക്രൂശിൽ എന്നതു നാം ആദ്യം ശ്രദ്ധിക്കണം. ''പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണ ഭൂതനായി തീർന്നു'' (എബ്രായർ 5:8-9).

## ദൈവ സ്നേഹത്തെ ക്രൂശിൽ പ്രദർശിപ്പിക്കുന്നു

ദൈവിക സ്നേഹത്തെ വളരെ ശക്തമായി ക്രൂശിൽ കാണിക്കുന്നുണ്ട്. ദൈവം തന്റെ ഏക ജാതനെ നമുക്കു വേണ്ടി മരിപ്പാൻ അയച്ചു. മഹത്തായ സ്നേഹം ദൈവം ക്രൂശിൽ കാണിച്ചതുകൊണ്ടു തീർച്ചയായും നമുക്കു ക്രൂശിൽ പ്രശംസിക്കാം. ''ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ട ശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്നു രക്ഷിക്കപ്പെടും. ശത്രുക്കളായിരിക്കുമ്പോൾ തന്നേ നമുക്കു അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോടു നിരപ്പു വന്നു എങ്കിൽ നിരന്ന ശേഷം നാം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും'' (റോമർ 5:8-10).

ദൈവം തന്റെ ഏക ജാതനെ നല്കി തന്റെ സ്നേഹത്തെ പ്രദർശിപ്പിച്ചതു കൂടാതെ യേശു സ്വയം നമുക്കു വേണ്ടി യാഗമായി തീരുകയും ചെയ്തു. യേശുവിന്റെ വാക്കുകൾ തന്നെ ഇതിനെ വിവരിക്കുന്നുണ്ട്. സ്നേഹിതന്മാർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമായ സ്നേഹം മററാർക്കുമില്ല (യോഹന്നാൻ 15:13). ആരും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കണമെന്നതാണ് ദൈവ സ്നേഹത്തിന്റെ പ്രാധാന്യം (യോഹന്നാൻ 3:16). ഇത്രയും പ്രകടമായ ദൈവിക സ്നേഹം ഉളള ക്രൂശിൽ നമുക്കു തീർച്ചയായും അഭിമാനം കൊളളാം.

## മോശെയുടെ ന്യായപ്രമാണം ക്രൂശിൽ തറെച്ചു

യേശുക്രിസ്തു മരിച്ചതുകൊണ്ടാണ് ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നു നമ്മെ വീണ്ടെടുത്തത് (ഗലാത്യർ 3:13). ''അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്തു മായിച്ചു ക്രൂശിൽ തറെച്ചു നടുവിൽ നിന്നു നീക്കി കളഞ്ഞു'' (കൊലൊസ്യർ 2:14). അതുകൊണ്ടാണ് പൗലൊസ് പറഞ്ഞതു, ക്രിസ്തുവിന്റെ ശരീരം മുഖാന്തരം നാം ന്യായപ്രമാണ സംബന്ധമായി മരിച്ചിരിക്കുന്നു എന്ന് (റോമർ 7:4).

നൂററാണ്ടുകളായി യഹൂദന്മാർക്കും ജാതികൾക്കുമിടയിൽ ഒരു വേർപാടിന്റെ ചുവർ നിന്നിരുന്നു. അതുകൊണ്ടു ശത്രുതയും കയ്പും അവർക്കു തമ്മിൽ ഉണ്ടായിരുന്നു. ക്രിസ്തു ക്രൂശിൽ മരിച്ചതോടെ നിരപ്പു വന്നു. ''ക്രൂശിന്മേൽ വെച്ചു ശത്രുത്വം ഇല്ലാതാക്കി അതിനാൽ ഇരുപക്ഷത്തെയും ഏക ശരീരത്തിൽ ദൈവത്തോടു നിരപ്പിപ്പാനും തന്നേ'' (എഫെസ്യർ 2:16).

## ക്രൂശിൽ ചിന്തിയ രക്തത്താൽ സഭയെ വാങ്ങി

കർത്താവിന്റെ സഭക്കു വേണ്ട മറുവില കൊടുത്തതു

ക്രൂശിൽ ചിന്തിയ രക്തമാകയാൽ ക്രൂശിൽ നമുക്കു പ്രശംസിപ്പാൻ വകയുണ്ട്. "നിങ്ങളെത്തന്നെയും താൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷരാക്കി വെച്ച ആട്ടിൻ കൂട്ടം മുഴുവനെയും സൂക്ഷിച്ചു കൊംവിൻ" (പ്രവൃത്തി 20:28). സഭയുടെ വില എന്താണെന്നറിഞ്ഞാൽ അതിന്റെ പ്രാധാന്യം വ്യക്തമാകും. യേശു സഭയെ സ്നേഹിച്ചതു നിമിത്തം അവൻ തന്നെത്താൻ അവൾക്കു വേണ്ടി ഏല്പിച്ചുകൊടുത്തു (എഫെസ്യർ 5:25). മറ്റൊന്നിനും നല്കാൻ കഴിയാത്ത വിലയാണ് യേശു സഭയ്ക്കു വേണ്ടി കൊടുത്തതു.

## ക്രൂശ് നിമിത്തമാണ് എല്ലാവരും നിരപ്പ് പ്രാപിക്കുന്നതു

നമ്മുടെ പാപങ്ങളാണ് നമ്മെ ദൈവത്തിൽ നിന്നകറ്റിയതു (യെശയ്യാവ് 59:1-2). നമ്മുടെ അകൃത്യമാണ് ദൈവത്തോടുള്ള നമ്മുടെ ബന്ധം അകറ്റിയതു. അങ്ങനെ നാം അന്യരും പരദേശികളുമായി മാറി. നഷ്ടപ്പെട്ട കൂട്ടായ്മ പുനരേകീകരിക്കയാണ് യേശു ചെയ്തതു. അവന്റെ പുത്രന്റെ മരണത്താൽ നമുക്കു ദൈവത്തോടു നിരപ്പു വന്നു (റോമർ 5:10). അങ്ങനെ ക്രിസ്തുവിനോടുള്ള ബന്ധത്താൽ നാം ദൈവ മക്കളായി തീരുന്നു (ഗലാത്യർ 3:26-27). "അവനിൽ സർവ്വ സമ്പൂർണ്ണതയും വസിപ്പാനും അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ടു അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി ഭൂമിയിലുള്ളതോ, സ്വർഗ്ഗത്തിലുള്ളതോ സകലത്തെയും അവനെക്കൊണ്ടു തന്നോടു നിരപ്പിപ്പാനും പിതാവിനു പ്രസാദം തോന്നി" (കൊലൊസ്യർ 1:19-20). ക്രൂശിൽ ദൈവം പ്രവർത്തിച്ച ശക്തി സകല മനുഷ്യരുടെയും രക്ഷക്കു കാരണമായി തീർന്നു.

★

# വാർത്തകൾ

## പട്രോളിങ്ങിന് റിസർവ് പൊലീസും

നഗരത്തിൽ പൊലീസ് പട്രോളിങ് കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി കൺട്രോൾ റൂമിലെ റിസർവ് പൊലീസിനെക്കൂടി വിന്യസിക്കാൻ തീരുമാനിച്ചു.

ഇതിന്റെ ഭാഗമായി പത്തു മുതൽ 15 പേർ വീതമടങ്ങുന്ന നാലഞ്ചു സംഘം പൊലീസുകാർ തിരക്കേറിയ സമയത്തും മറ്റും നഗരത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ കാൽനടയായി പട്രോളിങ് നടത്തും. സാധാരണയുള്ള രണ്ടംഗബീറ്റ് പൊലീസിനു പുറമെയാണിത്.

ഡി.ഐ.ജി. അരുൺകുമാർ സിൻഹ, സിറ്റി പൊലീസ് കമ്മിഷണർ ബൽറാം കുമാർ ഉപാധ്യായ എന്നിവരുടെ സാന്നിധ്യത്തിൽ ചേർന്ന നഗരത്തിലെ ഡിവൈ. എസ്.പിമാർ, സർക്കിൾ ഇൻസ്പെക്ടർമാർ, സബ് ഇൻസ്പെക്ടർമാർ എന്നിവരുടെ യോഗത്തിലാണ് ഈ തീരുമാനം. മോഷ്ടാക്കളെയും അക്രമികളെയും വ്യാപകമായി പിടികൂടാനുള്ള തന്ത്രങ്ങളും യോഗത്തിൽ കൈക്കൊണ്ടു.

ഇതിനിടെ, മണക്കാട് പാചകക്കാരനെ കൊലപ്പെടുത്തി കവർച്ച നടത്തിയ കേസിൽ അന്വേഷണ സംഘത്തിനു കൂടുതൽ തെളിവു ലഭിച്ചു. കൊല്ലപ്പെട്ട ഷംസുദീന്റെ ശരീരത്തിൽ മറ്റൊരാളുടെ രക്തം കണ്ടെത്തിയിരുന്നു. ഇതും കൃത്യം നടത്തിയവരെന്നു സംശയിക്കുന്ന ചിലരുടെ രക്ത ഗ്രൂപ്പും അന്വേഷണ സംഘം പരിശോധിച്ചു.

## വെള്ളം ചേർത്തു ബസ് ഓടിക്കാൻ കെ.എസ്.ആർ.ടി.സി.

ബസുകൾ ഡീസലിനൊപ്പം വെള്ളവും ചേർത്ത് ഓടിക്കാനുള്ള പദ്ധതി കെ.എസ്.ആർ.ടി.സി. പരീക്ഷിക്കുന്നു. കർണാടകയിലെ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പാത പിന്തുടർന്നാണിത്.

ബാംഗ്ലൂർ പീന്യ വ്യവസായ എസ്റേററിലെ ചെറുകിട വ്യവസായി നരസിംഹമൂർത്തിയാണു പുതിയ സാങ്കേതികവിദ്യയുടെ ഉപജ്ഞാതാവ്. വെള്ളം കൂടി ചേർത്ത് ഉപയോഗിച്ചാൽ 33% വരെ ഇന്ധനക്ഷമത കൂടുമത്രേ. കർണാടകയിൽ പരീക്ഷിച്ചപ്പോൾ,17% മൈലേജ് കൂടി. പുകയും അന്തരീക്ഷ മലിനീകരണവും കുറയുമെന്നതാണു മറെറാരു നേട്ടം.

പൈപ്പ് വെള്ളമല്ല, ശുദ്ധീകരിച്ച വെള്ളമാണ് ഇതിനായി ഉപയോഗിക്കുന്നത്. വേറൊരു ടാങ്കിൽ വെള്ളം നിറച്ചശേഷം ചെറിയ ട്യൂബ് വഴി എൻജിനിലേക്കു ഘടിപ്പിക്കും. എൻജിൻ സ്ററാർട്ടാവുമ്പോൾ വെള്ളവും തുള്ളികളായി എൻജിനിലെത്തും. തിളയ്ക്കുന്ന വെള്ളം കടുത്ത ചൂടിൽ ഹൈഡ്രജനും ഓക്സിജനുമായി മാറും. ഇന്ധനം കൂടുതൽ കാര്യക്ഷമമായി കത്താൻ ഓക്സിജൻ സഹായിക്കും.

ഡീസലും പെട്രോളും ഉൾപ്പെടെ എല്ലാ ഇന്ധനവും ഹൈഡ്രോകാർബൺ ആകയാൽ ഹൈഡ്രജന്റെ സാന്നിദ്ധ്യവും ഇന്ധനക്ഷമത കൂട്ടാനിടയാക്കും. ഡീസലും വെള്ളവും 70:30 അനുപാതത്തിലാണു കത്തുന്നത്.

# ബന്ദിയെ മോചിപ്പിച്ചു

വിദേശികളെ ബന്ദികളാക്കി സമ്മർദ്ദ തന്ത്രം പയറ്റുന്ന ഇറാഖിലെ വിമത ഒളിപ്പോരാളികൾ ഒരു ഫിലിപ്പീൻസുകാരനെയും വെള്ളിയാഴ്ച ബന്ദിയാക്കിയെങ്കിലും ഇന്നലെ വൈകി വിട്ടയച്ചു. എന്നാൽ വ്യാഴാഴ്ച ബന്ദികളാക്കപ്പെട്ട രണ്ടു ബൾഗേറിയൻ ഡ്രൈവർമാരുടെ സ്ഥിതി ഇപ്പോഴും അനിശ്ചിതത്വത്തിലാണ്. ഇന്നലെ നഗരത്തിലും സമാറയിലുമായി രണ്ടു കുട്ടികളടക്കം നാലുപേർ കൊല്ലപ്പെട്ടു.

അധിനിവേശ സേനയ്ക്കു വേണ്ടി പ്രവർത്തിക്കുന്ന ഒരു കമ്പനിയുടെ ഡ്രൈവർ ഏയ്ഞ്ചലോ ഡി ലാ ക്രൂസ് ആണു ഫലൂജയിൽ ഏറ്റവുമൊടുവിൽ ബന്ദിയാക്കപ്പെട്ടത്. ഇസ്ലാമിക് സേനയുടെ ഖാലിദ് ബിൻ വലീദ് കോർ എന്ന പുതിയ സംഘമാണ് ഏയ്ഞ്ചലോയെ ബന്ദിയാക്കിയെന്ന് അവകാശപ്പെട്ടത്. ഫിലിപ്പീൻസിന്റെ 51 അംഗ സംഘത്തെ ഇറാഖിൽ നിന്നു പിൻവലിക്കൺമെന്നും അല്ലെങ്കിൽ ഏയ്ഞ്ചലോയെ വധിക്കുമെന്നുമായിരുന്നു ഭീഷണി. എന്നാൽ, അധിനിവേശ സേനയുമായുള്ള ധാരണ അവസാനിക്കുന്ന ഓഗസ്റ്റ് 20 നു സംഘത്തെ തിരിച്ചു വിളിക്കും എന്നുള്ള ഫിലിപ്പീൻസിന്റെ മറുപടിയാകാം ഏയ്ഞ്ചലോയുടെ മോചനത്തിനു വഴിയൊരുക്കിയതെന്നു കരുതുന്നു.

വ്യാഴാഴ്ച അബു മുസബ് അൽ സർഖാവിയുടെ അൽ സുന്നാ സേന ബന്ദികളാക്കിയ ബൾഗേറിയക്കാരായ ഇവയ്ലോ കെപോവ്, ജോർജി ലാസോവ് എന്നിവരെ സംബന്ധിച്ച് ഒരു വിവരവുമില്ല.

## 'കുട്ടികളുടെ വളർച്ച മാതാപിതാക്കളറിയണം'

മനഃശാസ്ത്രപരമായ സമീപനത്തിലൂടെ പഠനവൈകല്യമുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേകം ശ്രദ്ധ കൊടുക്കാൻ നിർദേശമുയർന്നു. 'മലയാള മനോരമ'യും 'കളിക്കുടുക്ക'യും ചേർന്നു സംഘടിപ്പിച്ച വിദ്യാഭ്യാസ ശിൽപശാലയിൽ നഴ്സറി, പ്രൈമറി സ്കൂൾ അധ്യാപികമാരുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു.

ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്ന് അഞ്ഞൂറോളം അധ്യാപികമാർ പങ്കെടുത്തു. ഇതിനു സമാന്തരമായി നഴ്സറി-പ്രൈമറി സ്കൂൾ കുട്ടികളുടെ അമ്മമാർക്കുവേണ്ടി പ്രത്യേക ക്ലാസുകളും നടന്നു.

'നഴ്സറി- പ്രൈമറി സ്കൂൾ കുട്ടികളുടെ പഠന പ്രശ്നങ്ങൾ' എന്നതായിരുന്നു വിഷയം. കുട്ടികളെ സമീപിക്കുന്ന രീതിയെക്കുറിച്ചും പഠനവൈകല്യമുള്ളവരെ കണ്ടെത്തി പ്രത്യേക ശ്രദ്ധ കൊടുക്കുന്നതിനെക്കുറിച്ചും ക്ലാസുകൾ കൈകാര്യം ചെയ്ത വിദഗ്ധർ വിശദീകരിച്ചു.

കോട്ടയം മെഡിക്കൽ കോളജിലെ അസോഷ്യേറ്റ് പ്രഫസറും ശിശുമനഃശാസ്ത്രജ്ഞനുമായ ഡോ. വർഗീസ് പുന്നൂസ്, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബിഹേവിയറൽ സയൻസ് ഡയറക്ടറും സൈക്കോതെറാപ്പിസ്റ്റുമായ കെ.എസ്. ഡേവിഡ് എന്നിവരാണ് ക്ലാസുകളെടുത്തത്.

അധ്യാപകർക്ക് കുട്ടികളുടെ വൈകല്യങ്ങൾ തിരിച്ചറിയാൻ കഴിയണമെന്ന് ഡോ. വർഗീസ് പുന്നൂസ് നിർദേശിച്ചു.

★

# ക്രിസ്ത്യാനിത്വം- ദൈവത്തോടു കൂടിയ നടപ്പ്

തോമസ് ആർ. ഡി.

തിരുവെഴുത്തിൻ പ്രകാരമുള്ള ജീവിതമാണ് ക്രിസ്തീയ ജീവിതം. അതു ദൈവവുമായി ചേർന്നുള്ള ഒന്നാണ്. അതിൻെറ ഫലമായി നമുക്കു സന്തോഷിക്കാൻ വക ലഭിക്കുന്നു. പലരും സത്യവിരുദ്ധമായ ജീവിതം നയിക്കുന്നതു മൂലം അവർ ദുരിതം അനുഭവിക്കുന്നു. പുറത്തുള്ളവരെ ക്രിസ്ത്യാനിത്വത്തിലേക്കു ആകർഷിക്കാതിരിക്കാൻ ഉള്ള കാരണങ്ങളിൽ ഒന്നാണിതു. മററുള്ളവർക്കു പ്രകാശം പരത്തേണ്ടവരാണ് ക്രിസ്ത്യാനികൾ. ക്രിസ്ത്യാനിത്വം ചിലർ വിചാരിക്കുന്നതുപോലെ ഭാരമുള്ളതല്ല. വളരെ ലളിതമായ ഒന്നാണ്. പക്ഷെ ക്രിസ്ത്യാനികൾ ആയി തീർന്നവർ ക്രിസ്ത്യാനിത്വത്തെ പ്രദർശിപ്പിക്കേണ്ടവരാണ്. എഫെസോസിലുള്ള ക്രിസ്ത്യാനികൾക്കു വേണ്ടി അപ്പൊസ്തലനായിരുന്ന പൗലൊസ് പ്രാർത്ഥിക്കുന്നതു ഈ അവസരത്തിൽ നമ്മെ പ്രചോദിപ്പിക്കുക തന്നെ ചെയ്യും.

''അവൻ തൻെറ മഹത്വത്തിൻെറ ധനത്തിന്നു ഒത്തവണ്ണം അവൻെറ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ചു ശക്തിയോടെ ബലപ്പെടേണ്ടതിന്നും ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും വരം നല്കേണം എന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും നീളവും ഉയരവും ആഴവും എന്തു എന്നു സകല വിശുദ്ധന്മാരോടും കൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിൻെറ എല്ലാ നിറവിനോളം നിറഞ്ഞുവരികയും വേണം എന്നും പ്രാർത്ഥിക്കുന്നു. എന്നാൽ

നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന്നു സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറതലമുറയായും മഹത്വം ഉണ്ടാകട്ടെ ആമേൻ (എഫെസ്യർ 3:16_21).

അവൻെറ പ്രാർത്ഥന നിങ്ങൾ ശ്രദ്ധിച്ചോ? ക്രിസ്തു അവരുടെ ഉള്ളങ്ങളിൽ വസിക്കേണ്ടതിന്നു അവരുടെ ആന്തരിക മനുഷ്യൻ ആത്മാവിൻെറ ബലത്താൽ ശക്തിപ്പെടേണ്ടതിന്നു വിശ്വാസത്താൽ സ്നേഹത്തിൽ വേരൂന്നി വളർന്നു ക്രിസ്തുവിൻെറ പരിജ്ഞാനത്താൽ ക്രിസ്തുവിന്നു അവരോടുള്ള സ്നേഹമെന്തെന്നു തിരിച്ചറിയണം. പറഞ്ഞറിയിക്കാനസാദ്ധ്യമായ താഴ്മയിൽ ആസ്വദിക്കാൻ പററുന്ന അത്ഭുതകരമായ വിജയമാണ് ക്രിസ്തു മുഖാന്തരം ലഭിക്കുന്നതു. ദൈവത്തിൻെറ സർവ്വ സമ്പൂർണ്ണതയും അവനിൽ ഉണ്ട് എന്നതാണ് കാരണം. അതു നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അധികമാണ്.

ഓരോ ദിവസവും നാം ബോധപൂർവ്വം ദൈവത്തോടുകൂടെ നടക്കണം. നമ്മുടെ ജീവിതത്തിൽ നാം അവൻെറ ഇഷ്ടത്തിനു അനുവദിക്കണം. നാം അവനെ പരിചയത്താൽ ഏററവും കൂടുതൽ അറിയുന്നവരാണ്. ദൈവശാസ്ത്രം എന്നതു ദൈവത്തെ കുറിച്ചുള്ള പഠനവും ദൈവത്തെ കുറിച്ചുള്ള സാങ്കല്പിക സൈദ്ധാന്തികവുമായ ചിന്തയുമാണ്. നാം സിദ്ധാന്തങ്ങളിലോ സങ്കല്പങ്ങളിലോ നില്ക്കുന്നവരല്ല. ദൈവം ആരാണെന്നു നാം അനുഭവത്തിലൂടെ അറിഞ്ഞു. നാം അവനെ അറിയുന്നു എന്നു വിചാരിക്കുമ്പോൾ അവൻ അപ്രതീക്ഷിതമായി ചിലതു ചെയ്യുന്നു. നമ്മെ അത്ഭുതപ്പെടുത്തേണ്ടതിനു തിരിച്ചറിയാൻ പററാത്ത അത്ഭുത പ്രവൃത്തി ചെയ്യുമെന്നു കരുതരുത്. തിയോളജിക്കും മനുഷ്യൻെറ സങ്കല്പത്തിനും അതീതമായാണ് ദൈവത്തെ കുറിച്ചു ദൈവം പറഞ്ഞിരിക്കുന്നതു.

"എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്നു യഹോവ അരുളിച്ചെയ്യുന്നു. ആകാശം ഭൂമിക്കു മീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു" (യെശയ്യാവ് 55:8-9).

ഭിവസേന അവനോടു സംസാരിക്കയും അവനുമായി ചേർന്നു നടക്കയും വേണം. അതിനു പൂർണ്ണമായ വിശ്വാസം വേണം. ഏതു കാര്യത്തിനും ദൈവത്തെ ആശ്രയിക്കണം. തികഞ്ഞ വിശ്വാസമുള്ളവർ ദൈവേഷ്ടപ്രകാരമേ ദൈവത്തോടു സംസാരിക്കയുള്ളു. അവൻ ആരാണെന്ന ശരിയായ അറിവു നമ്മുടെ വിശ്വാസത്തെ വർദ്ധിപ്പിക്കും. എനിക്കു വേണ്ടി ഏററവും നല്ലതു പ്രവർത്തിക്കുന്നവനാണ് ദൈവം. തന്നെ സ്നേഹിക്കുന്നവർക്കു അവൻ തിന്മയെ പോലും നന്മയ്ക്കായി വരുത്തും എന്ന വാഗ്ദാനം ശക്തമാണ്. ദൈവം വികാരത്താൽ മാറുന്നവനല്ല. ഗതിഭേതമോ ആച്ഛാദനമോ അവന്റെ വാഗ്ദാനങ്ങളെ ബാധിക്കുകയില്ല എന്നു പറഞ്ഞാൽ അവന്റെ നിലവാരം ആത്മികമാണ്; സ്വർഗ്ഗീയമാണ് എന്നർത്ഥം. ഭൗതിക മനുഷ്യനിലെ ആന്തരിക വ്യക്തിത്വം അഥവാ ആത്മാവ് ദൈവ സാദൃശത്തിലുള്ള ഒന്നാണ്. ഒരു വ്യക്തിയും ദൈവവും തമ്മിലുള്ള ബന്ധം ആത്മികമാണ്. ദൈവം നമ്മുടെ പിതാവും സൃഷ്ടി കർത്താവുമാണ്. പലരും ദൈവത്തെ പ്രസാദിപ്പിക്കുവാൻ ലൗകിക മാതൃകയാണ് സ്വീകരിക്കുന്നതു. അതാണ് അവരുടെ പരാജയത്തിനു കാരണം. ദൈവം ആത്മാവാണ്.

ദൈവ വചനത്തിൽ വസിക്കുന്നവർക്കു കർത്താവു പുതുജീവൻ നല്കും. സ്വർഗ്ഗീയ സ്വഭാവം ഒരാളിൽ കാണണമെങ്കിൽ അയാൾ ക്രിസ്തുവിലാകണം. എല്ലാവരേയും ദൈവം ഒരേ രീതിയിലാണ് വിളിക്കുന്നതു. അതു സുവിശേഷത്താലാണ്. സുവിശേഷം എന്നതു ക്രിസ്

തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയാണ്. പരിശുദ്ധാത്മ നിയോഗത്താൽ നല്കപ്പെട്ട വചനം നമ്മുടെ ഉള്ളിൽ സൂക്ഷിച്ചാൽ തെററുകളെ ഒഴിവാക്കാം. ദൈവത്താലുള്ള നീതീകരണവും വിശുദ്ധീകരണവും വചനം പ്രമാണിക്കുന്നവർക്കു കിട്ടും. ഒരാൾക്കു വിശ്വാസം ഉണ്ടാകേണ്ടതും മന:പരിവർത്തനം ഉണ്ടാകേണ്ടതും വചനം കേൾക്കുന്നതുമൂലം അഥവാ വായിച്ചറിയുന്നതു മൂലം ഉണ്ടാകണം. ദൈവത്തിൽ നിന്നു അകന്നു പോയവരെ ദൈവ ഭവനത്തിലേക്കു അടുപ്പിക്കുന്നതു ജീവന്റെ വചനം ആണ്. സത്യ വചനവുമായി ബന്ധപ്പെടാത്തവർക്കു ദൈവത്തോടു അടുക്കുവാൻ സാദ്ധ്യമല്ല. വചന പരിചയം ദൈവത്തെ അറിയുവാൻ അത്യന്താപേക്ഷിതമാണ്.

നമ്മുടെ നടപ്പ് ദൈവത്തോടുകൂടെ ആകണമെങ്കിൽ നാം വെളിച്ചത്തിൽ നടക്കണം. എങ്കിൽ മാത്രമെ നമുക്കു ക്രിസ്തുവുമായി കൂട്ടായ്മ ഉണ്ടാകയുള്ളു (1 യോഹന്നാൻ 1:6-7). പർവ്വതങ്ങളും, താഴ്വരകളും കരയും വെള്ളവും നിറഞ്ഞ പ്രപഞ്ചമാണു നമുക്കുള്ളതു. പ്രതികൂലമായതും അനുകൂലവുമായ പല ഘട്ടങ്ങൾ നമ്മുടെ ജീവിതത്തിൽ നേരിടേണ്ടി വരും. അവ എങ്ങനെ തരണം ചെയ്യണമെന്നു കർത്താവു നമുക്കു മാതൃക കാണിച്ചു തന്നിട്ടുണ്ട്. നമ്മുടെ പിതാവിനോടും. മൂത്ത സഹോദരനോടുമൊപ്പം നടക്കുന്നതു നമ്മെ സന്തോഷിപ്പിക്കും. നീതി പാതകളിൽ അവൻ നമ്മെ വഴി നടത്തും. ദൈവ മഹിമ അനുഭവപ്പെടുന്നതുകൊണ്ടു നമുക്കു അതിയായ ആഹ്ലാദം അനുഭവപ്പെടും (എബ്രായർ 1:3).

അനർത്ഥങ്ങൾ നിമിത്തം ദുഃഖമോ സങ്കടമോ നേരിടുമ്പോൾ നാം തളർന്നു പോകാതിരിക്കാൻ ദൈവം തന്റെ ആത്മാവിനെ നമ്മിൽ തന്നിരിക്കയാണ്.

★

(10-ാം പേജിന്റെ തുടർച്ച)

ആത്മീയ ഗോളത്തിൽ നമ്മുടെ രക്ഷക്കു ഫലപ്രദമായി പ്രവർത്തിക്കുന്ന അനേക ഘടകങ്ങൾ ഉണ്ട്. ഒരു ചങ്ങലയുമായി അതിനെ താരതമ്യം ചെയ്യാം. ഒരു ചങ്ങലയിൽ ഉള്ള കണ്ണികളെല്ലാം സുപ്രധാനമാണ്, ഒന്നിനെ പോലും വേർപിരിക്കാവുന്നതല്ല. ചങ്ങല എന്നു പറയുന്നതു ഒരു കണ്ണിയല്ല; അനേക കണ്ണികളാണ്. അതുപോലെയാണ് ''ദൈവത്തിന്റെ രക്ഷാ ചങ്ങലയും''. ക്രിസ്തുവിന്റെ സുവിശേഷത്തെ വിശദമായി പഠിച്ചാൽ ഏതാണ്ട് 40 ലധികം ഘടകങ്ങൾ നമ്മുടെ രക്ഷക്കു പ്രവർത്തിക്കുന്നതായി കാണപ്പെടുന്നുണ്ട്. അവയെല്ലാം നോക്കുവാൻ നമുക്കു സ്ഥലം പോരാത്തതിനാൽ ചങ്ങലയിലെ മുഖ്യമായ 8 കണ്ണികളെ നമുക്കു നോക്കാം.

## ദൈവം സൃഷ്ടികർത്താവും രക്ഷിതാവുമാണ്

പ്രവാചകൻ പറഞ്ഞിരിക്കുന്നതു: ഇതാ, ദൈവം എന്റെ രക്ഷ; യഹോവയായ യാഹ് എന്റെ ബലവും എന്റെ ഗീതവും ആയിരിക്ക കൊണ്ടും അവൻ എന്റെ രക്ഷയായി തീർന്നിരിക്കകൊണ്ടും ഞാൻ ഭയപ്പെടാതെ ആശ്രയിക്കും (യെശയ്യാവ് 1:17). അതിൽ രക്ഷയും ഉൾപ്പെടുന്നു. ആളുകൾ രക്ഷിക്കപ്പെടണമെന്നു ദൈവം ആഗ്രഹിക്കുന്നു. ദൈവത്തിന്റെ സ്നേഹം നമ്മെ രക്ഷിപ്പാൻ അവനെ അയക്കുകയും അവൻ നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിക്കുവാൻ തയ്യാറാവുകയും ചെയ്തു. അതേ സമയം ദൈവം പാപത്തെ വെറുക്കുകയും ചെയ്യുന്നു (സങ്കീർത്തനങ്ങൾ 119:104; സദൃശവാക്യങ്ങൾ 6:16-18; 8:13 തുടങ്ങിയവ). അവൻ പാപികളെ സ്നേഹിക്കുന്നതിനാൽ അവരെ രക്ഷിക്കാൻ താല്പര്യപ്പെടുന്നു. ''ക്രിസ്തുവോ, നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു'' (റോമർ 5:8). അപ്പൊസ്തല

നായിരുന്ന പൗലൊസ് തിമൊഥെയൊസിനോടു പറഞ്ഞതു: അതു നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ സന്നിധിയിൽ നല്ലതും പ്രസാദകരവും ആകുന്നു. അവൻ സകല മനുഷ്യരും രക്ഷ പ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു. സകല മനുഷ്യരുടേയും രക്ഷകനായ ജീവനുള്ള ദൈവത്തിലാണ് നമ്മുടെ പ്രത്യാശ വെച്ചിരിക്കുന്നതു. രക്ഷാ ചങ്ങലയിലെ ഒരു കണ്ണിയെ പോലും ചെറുതായി കാണാൻ ആർക്കും സാദ്ധ്യമല്ല. ദൈവത്തെ കൂടാതെ ആർക്കും രക്ഷിക്കപ്പെടാവുന്നതല്ല. ''പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ ആകുന്നു''. (റോമർ 6:23).

## യേശുക്രിസ്തുവാണ് നമ്മുടെ രക്ഷിതാവ്

എന്തിനാണ് യേശുക്രിസ്തു ഈ ലോകത്തിലേക്കു വന്നതു ? അതിനു ദൂതൻ മറുപടി നല്കുന്നു. ''അവൻ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവന്നു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു'' (മത്തായി 1:21). ''ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നേ; ആ പാപികളിൽ ഞാൻ ഒന്നാമൻ (1 തിമൊഥെയൊസ് 1:15). അവൻ തികവുള്ള രക്ഷകനാണ്. ''പുത്രനെങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യ രക്ഷയുടെ കാരണഭൂതനായി തീർന്നു'' (എബ്രായർ 5:8-9). പത്രൊസും യോഹന്നാനും യേശുവിനെ പ്രസംഗിച്ചതിനാൽ തടവിലാക്കപ്പെട്ടു. ''മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമ

ഖും ഇല്ല'' (പ്രവൃത്തി 4:12). മററാർക്കും നമ്മെ രക്ഷിക്കുവാൻ സാദ്ധ്യമല്ല. ബൈബിൾ വിശ്വസിക്കുന്നവർക്കിടയിൽ ഇതിനെ സംബന്ധിച്ചു തർക്കമില്ല. യേശു ക്രിസ്തു രക്ഷിക്കും. എന്നാൽ ചങ്ങലയിലെ കണ്ണികൾ കൂടാതെയല്ല.

## സുവിശേഷത്താലാണ് നാം രക്ഷിക്കപ്പെടുന്നതു

ക്രിസ്തുവിന്റെ സുവിശേഷത്താലാണ് നാം രക്ഷ പ്രാപിക്കുന്നതെന്നു വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ''സുവിശേഷത്തെ കുറിച്ചു എനിക്കു ലജ്ജയില്ല; വിശ്വസിക്കുന്ന ഏവനും രക്ഷക്കുള്ള ദൈവ ശക്തിയാകുന്നു അത്'' (റോമർ 1:16). അതുകൊണ്ടാണ് നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല ജാതികളോടും സുവിശേഷം പ്രസംഗിപ്പാൻ പറഞ്ഞതു (മർക്കൊസ് 16:15). സുവിശേഷം കൂടാതെ ആളുകൾക്കു രക്ഷിക്കപ്പെടാൻ നിർവ്വാഹമില്ല. ''ഞാൻ നിങ്ങളോടു സുവിശേഷിച്ചതും നിങ്ങൾക്കു ലഭിച്ചതും നിങ്ങൾ നില്ക്കുന്നതും നിങ്ങൾ വിശ്വസിച്ചതും നിങ്ങൾ രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം പിടിച്ചുകൊണ്ടാൽ'' എന്നാണ് പൗലൊസ് പറഞ്ഞിരിക്കുന്നതു (1 കൊരിന്ത്യർ 15:1-2). ജാതികളിൽപെട്ട ഒരാൾ ദൈവവുമായി നിരന്നുകൊൾവാൻ ആഗ്രഹിച്ചു പ്രാർത്ഥിച്ചു. ഒരു ദൂതൻ അവന്നു പ്രത്യക്ഷനായി പത്രൊസിനെ വരുത്തുക, രക്ഷിക്കപ്പെടുവാനുള്ള വാക്കുകളെ അവൻ നിങ്ങളോടു അറിയിക്കും എന്നാണ് പറഞ്ഞതു (പ്രവൃത്തി 11:13-14). രക്ഷിക്കപ്പെടുവാൻ കൊർന്നേല്യൊസ് വചനം കേൾക്കേണമായിരുന്നു. ''നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൗമ്യതയോടെ കൈക്കൊൾവിൻ'' (യാക്കോബ് 1:21). രക്ഷാ ചങ്ങലയിലെ മറെറാരു പ്രധാന കണ്ണിയാണ് സുവിശേഷം.

## യേശുവിന്റെ രക്തത്താൽ നാം രക്ഷിക്കപ്പെടുന്നു.

ഈ തത്വം പഴയ നിയമത്തിൽ വേരൂന്നി പുതിയ നിയമത്തിൽ പുതുക്കുകയുമാണ് ചെയ്യുന്നതു. രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല (എബ്രായർ 9:22). മോശെയുടെ ന്യായപ്രമാണത്തിൻ കീഴിലുണ്ടായിരുന്ന മൃഗയാഗങ്ങളെല്ലാം ക്രൂശിൽ ക്രിസ്തു ചിന്തപ്പെടാനിരുന്ന രക്തത്തിന്റെ മുന്നോടിയായിരുന്നു (എബ്രായർ 10:1-4). "വ്യർത്ഥവും പിതൃപാരമ്പര്യമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്നു, വെള്ളി മുതലായ അഴിഞ്ഞു പോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ" (1 പത്രോസ് 1:18-19). നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1 യോഹന്നാൻ 1:7). അവനിൽ നമുക്കു അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പു ഉണ്ട് (എഫെസ്യർ 1:7). ക്രിസ്തുവിന്റെ രക്തം മുഖാന്തരമല്ലാതെ ആർക്കും രക്ഷ പ്രാപിക്കാവുന്നതല്ല. തീർച്ചയായും അതു രക്ഷാ ചങ്ങലയിലെ ഒരു പ്രധാന കണ്ണിയാണ്.

## ദൈവ കൃപയാൽ നാം രക്ഷിക്കപ്പെടുന്നു

കൃപയുടെ ആവശ്യത്തെ യേശു സ്പഷ്ടമാക്കിയിട്ടുണ്ട്. "അവ്വണ്ണം നിങ്ങളോടു കല്പിച്ചതു ഒക്കെയും ചെയ്തശേഷം ഞങ്ങൾ പ്രയോജനം ഇല്ലാത്ത ദാസന്മാർ; ചെയ്യേണ്ടതേ ചെയ്തിട്ടുള്ളു എന്നു നിങ്ങളും പറവിൻ (ലൂക്കൊസ് 17:10).

(ശേഷം അടുത്ത ലക്കത്തിൽ)

★

# ഒരു പുതിയ ഹൃദയം മനുഷ്യനു ആവശ്യമാണ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

തന്റെ കൃപാസനത്തിൽ തുടർച്ചയായി നമസ്കരിക്കുന്ന ഒരു ജനതയെ പുറപ്പെടുവിക്കുക എന്നതാണ് ദൈവത്തിന്റെ ഇച്ഛ. ഈ ആശയത്തെ സാത്താൻ അവസരം കിട്ടുന്നതുപോലെ ഇല്ലാതാക്കാൻ ശ്രമിക്കും. സൂത്രവും വഞ്ചനയും മനുഷ്യ മനസിൽ കടത്തി വിട്ടു അവരിൽ കലക്കം ഉണ്ടാക്കുകയാണ് പിശാച് ചെയ്യുന്നതു. അതുകൊണ്ടു ഉപകരണം ഉപയോഗിക്കുന്നവർ ഉപയോഗിക്കാത്തവർ എന്തുകൊണ്ടാണ് ഉപയോഗിക്കാത്തതെന്നു തിരിച്ചറിയുവാൻ ആരാധന എന്ന വാക്കിന്റെ ബൈബിൾ നിർവ്വചനം കണ്ടെത്തുക. അങ്ങനെ ആകുമ്പോൾ പിശാച് തെറ്റിദ്ധരിപ്പിക്കയോ, തെറ്റായി നയിക്കുകയോ, പ്രവർത്തനത്തെ നശിപ്പിക്കുകയോ ചെയ്യുകയില്ല.

ആത്മാർത്ഥതയുള്ള ഒരു ക്രിസ്ത്യാനി തന്റെ നിലപാട് ന്യായീകരിക്കാൻ പഴയ നിയമത്തിലേക്കു പോയാൽ അതു ഒരിക്കലും ശരിയല്ല എന്നു തുറന്നു പറയേണ്ടി വരും. ആരാധനയുടെ ഏതെങ്കിലും ഒരു ഭാഗം നിമിത്തം ഇടർച്ചയുണ്ടാകുകയോ ഭിന്നത ഉണ്ടാകുകയോ ചെയ്താൽ അങ്ങനെയുള്ള മനോഭാവം ദൈവം വെറുക്കുന്നു. ഒരാളുടെ ജീവിതം എപ്പോഴും ദൈവത്തെ ആരാധിക്കുന്നതാകണം. ആരാധനക്കുശേഷം പുറത്തു പോയി എന്തു ചെയ്താലും അതു കർത്താവിന്റെ അധികാരത്തിൽ വേണം ചെയ്യുവാൻ. കാപട്യമോ, സൂത്രമോ, വഞ്ചനയോ നമ്മിൽ ആരിലും ഉണ്ടാകാൻ പാടില്ല. നമ്മുടെ ആത്മാക്കൾ നിത്യതയിൽ പ്രവേശിക്കുന്നതിനു വിഘാതമായതിനെ എല്ലാം ഒഴിവാക്കുന്നതാണ് ഉചിതം.

ഉപകരണങ്ങൾ ഉപയോഗിക്കുന്നവർ അതുപയോഗിക്കാതിരിക്കാൻ തടസമായി നില്ക്കുന്നതെന്താണെന്നു ചിന്തിക്കുക. പാട്ടു പാടുന്നതിനു അവർക്കു മറെറാരു ഉപകരണത്തിന്റെ ആവശ്യകത അവർക്കു കിട്ടിയ സ്വാതന്ത്ര്യത്തെ ഹനിക്കുകയും അവരും അതു മൂലം ഇടർച്ച വരുത്തുന്ന അനേകം പേരും നഷ്ടപ്പെടുവാൻ ഇതു കാരണമാകുമോ എന്നാണ് ചിന്തിക്കേണ്ടതു. ആരാധന എന്നതിന്റെ വേദപുസ്തക നിർവ്വചനം അവർ മനസിലാക്കുന്നില്ല. വചനത്തെ മറികടന്നു നിയമരഹിതമായി പ്രവർത്തിക്കുകയാണ്. എന്തും ചെയ്യുവാനുള്ള ലൈസൻസായി സ്വാതന്ത്ര്യത്തെ ഉപയോഗിക്കരുതു.

കർത്താവു പഠിപ്പിച്ച വാക്കുകൾ നമ്മുടെ മനസിൽ ഊന്നിയാൽ സത്യം മുഴുവനായും അതിന്റെ പ്രാധാന്യവും അനുഭവിക്കുന്നവരാകും. അവന്റെ പ്രബോധനവും മുന്നറിയിപ്പും ''സത്യ നമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു; തന്നെ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കണം എന്നു പിതാവു ഇച്ഛിക്കുന്നു. ദൈവം ആത്മാവാകുന്നു; അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം'' (യോഹന്നാൻ 4:23-24).

## പ്രബോധനം

ചിലപ്പോൾ ഒരു വ്യക്തിക്കു നമസ്കാരം എന്ന ആത്മിയ ആശയം നേരിടുമ്പോൾ കർത്താവു പ്രസ്താവിച്ച ആ ലളിതമായ ചിന്തയായ എല്ലായ്പ്പോഴും നമസ്കരിക്കുക എന്നതു വിഘാതമായി, അസാദ്ധ്യമായി തോന്നാം. എന്നാൽ നമ്മുടെ കർത്താവു തന്നെ പുതിയ നിയമത്തിനായി ഒരുങ്ങുമ്പോൾ പിതാവുമായുള്ള കൂട്ടായ്മയിൽ തുടർച്ചയായ ആരാധനയിൽ ആയിരുന്നു എന്നു പറഞ്ഞുകൊള്ളട്ടെ. ''ആകയാൽ യേശു അവരോടു ഉത്തരം പറഞ്ഞ

തു: ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു; പിതാവു ചെയ്തു കാണുന്നതു അല്ലാതെ പുത്രന്നു സ്വതേ ഒന്നും ചെയ്‌വാൻ കഴികയില്ല; അവൻ ചെയ്യുന്നതു എല്ലാം പുത്രനും അവ്വണ്ണം തന്നേ ചെയ്യുന്നു'' (യോഹന്നാൻ 5:19). അവൻ തുടർച്ചയായി പ്രാർത്ഥനയിൽ പിതാവുമായി ആശയ വിനിമയം നടത്തിയിരുന്നു. താൻ വിളിച്ചപേക്ഷിച്ചു പ്രാണനെ ഏല്പിച്ചു കൊടുത്ത പിതാവു അവന്റെ പ്രാർത്ഥനെക്കു മറുപടിയും നല്കിയിരുന്നു. കാരണം അവന്റെ ദൈവ ഭക്തിയായിരുന്നു. മരിച്ച ലാസറെ ഉയിർപ്പിക്കുന്നതിനു മുൻപു യേശു പറഞ്ഞതു: ''പിതാവേ, നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു. നീ എപ്പോഴും എന്റെ അപേക്ഷ കേൾക്കുന്നു എന്നു ഞാൻ അറിഞ്ഞിരിക്കുന്നു. എങ്കിലും നീ എന്നെ അയച്ചു എന്നു ചുററും നില്ക്കുന്ന പുരുഷാരം വിശ്വസിക്കേണ്ടതിന്നു അവരുടെ നിമിത്തം ഞാൻ പറയുന്നു എന്നു പറഞ്ഞു'' (യോഹന്നാൻ 11:41-42).

യേശു എപ്പോഴും ദൈവത്തെ നമസ്കരിച്ചതുകൊണ്ടു നമുക്കതു ചെയ്യാൻ കഴിയുമോ എന്നു ചോദിച്ചേക്കാം. നമ്മുടെ കഴിവോ ശക്തിയോ കൊണ്ടു ദൈവം ആഗ്രഹിക്കുന്ന ഒരു ജനമായി തീരാൻ നമുക്കു ഒരിക്കലും സാദ്ധ്യമല്ല. യേശുവിന്റെ ഉയിർത്തെഴുന്നേല്പിനാൽ നാം ജീവനുള്ള പ്രത്യാശക്കായി വീണ്ടും ജനിച്ചിരിക്കയാലും പുതിയ സൃഷ്ടികളായി തീർന്നിരിക്കയാണ്. തേജസ്സുള്ള കർത്താവിന്റെ പ്രതിമയെ ധരിച്ചവരുമാണ്. അങ്ങനെ ദൈവത്തിന്റെ, ആത്മാവിന്റെ തേജസ് നമ്മിൽ ഇരിക്കുന്നു. ആത്മാവിന്റെ ശക്തിയാൽ നമ്മുടെ ആന്തരിക മനുഷ്യൻ ശക്തിപ്പെടുന്നു. നമ്മെ ശക്തിപ്പെടുത്തുന്നവൻ മുഖാന്തരം നാം സകലത്തിനും മതിയായവരായി തീരുന്നു. ക്രിസ്തുവിന്റെ അനുകാരിയായി തീർന്ന പൗലോസിന്റെ അനുകാരിയായി തീരാൻ നമുക്കു കഴിയും. അവൻ തരുന്ന അച്ചടക്കവും ശക്തിയും കൊണ്ടു, അവൻ വിശു

ദ്ധനായിരിക്കുന്നതുപോലെ നമുക്കും വിശുദ്ധരാകാൻ കഴിയും. അവൻ നടന്നതുപോലെ നടക്കുവാനും, ആത്മീയമായി എപ്പോഴും കൃപാസനത്തിൽ ദൈവത്തെ നമസ്കരിക്കാനും കഴിയും. "ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഉവ്വ് എന്നത്രേ; അതുകൊണ്ടു ഞങ്ങളാൽ ദൈവത്തിന്റെ മഹത്വം ഉണ്ടാകുമാറു അവനിൽ ആമേൻ എന്നു തന്നെ" (2 കൊരിന്ത്യർ 1:20).

ആകയാൽ സഹോദരന്മാരേ, എല്ലാ ബാദ്ധ്യതകളും ഒഴിവു കഴിവും നിഷേധവും, "എനിക്കതിനു കഴിയുകയില്ല" എന്ന നിഷേധ ചിന്തയും നമ്മെ എളുപ്പത്തിൽ പിടികൂടാനിടയുള്ള പാപവും വിട്ടു കളഞ്ഞു സഹിഷ്ണുതയോടെ നമുക്കു മുൻപിൽ വെച്ചിരിക്കുന്ന ഓട്ടം ഓടാം. മഹത്വത്തിലുള്ള യേശുവിൽ ആയിരിക്കണം നമ്മുടെ കണ്ണുകൾ കേന്ദ്രീകരിക്കേണ്ടതു. ആത്മീയമായി സിംഹാസനത്തിനടുത്തേക്കു നമുക്കു ചെല്ലാം. ഇങ്ങനെ ഉറപ്പിച്ച കണ്ണുകളോടെ നമുക്കു അവനെ സത്യത്തിലും ആത്മാവിലും നമസ്കരിക്കാം.

**ചുരുക്കം**

★ ആത്മാവിലും സത്യത്തിലും നിത്യം നമസ്കരിക്കുന്ന ഒരു ആത്മീയ ജനതയെ ഉണ്ടാക്കുക എന്നതാണ് പിതാവിന്റെ നിത്യ ലക്ഷ്യം.

★ "ആദ്യം പ്രാകൃതം പിന്നെ ആത്മികം" എന്ന തത്വമാണ് ദൈവം മനുഷ്യനെ ഭൗതികയുഗത്തിൽ നിന്നു ആത്മിക യുഗത്തിലേക്കു മാറ്റുവാൻ ഉപയോഗിക്കുന്നതു.

(ശേഷം അടുത്ത ലക്കത്തിൽ)

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6:45 A.M. - 7:00 A.M. and Thursdays, 6:45 AM - 7:00 A.M. Speaker Sunny David, Box 3815, New Delhi - 110049 |
| **Malayalam** | Friday 3:45 - 4.00 pm.<br>Speaker : P.K. Varghese<br>Box 5540, Trivandrum - 34 |
| **Tamil** | Mondays, Tuesdays, Wednesdays Thursdays, Fridays 5:30 P.M. to 5.45 P.M. Speaker, P.R. Swamy, Box 8405, Bangalore 560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M. - 2:15 P.M. Speaker, Joshua Gootam, Box 80, Kakinada - 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum - 695 035, Kerala, India

**Annual subscription: Rs. 50/-**

Reg. No.K. Dis. 90095/86/A8.Reg. No. KL(N) 22/2003-2005
Licensed to post without prepayment No. Tech/62-2 TV(N) 40/2004

*Join us to worship God in spirit and Truth*
*The*

**CHURCH OF CHRIST**

Meets at T.C. 27/225
Thampuranmukku, Trivandrum - 35

**Sunday - worship - 10.00am**
**Tuesday - Bible Study - 6.00pm**

**ALL ARE WELCOME**

**All correspondence should be sent to the Editor, The Bible Truth, Post Box No. 5540, Trivandrum - 34, Kerala, India**

*From*

THE BIBLE TRUTH
Church of Christ
Thampuranmukku
Trivandrum -695035
Kerala, India
Phone: 2303378

*To*